(സി) റാത്തി ചാർജ്ജുകളിൽ മൊത്തം എത്ര പേർക്ക് പരിക്കുപറ്റി; വെടിവെപ്പിൽ മരണമടഞ്ഞവർ എത്ര എന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ ജനകീയ സമരങ്ങൾക്കുനേരെ പോലീസ് ഗ്രനേഡുപ്രയോഗം നടത്തിയിട്ടുണ്ടോ, എങ്കിൽ എവിടെയെല്ലാം; ഇതിൽ എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത കാലയളവിൽ എത്ര പോലീസ് ലോക്കപ്പ് മർദ്ദനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഈ മർദ്ദനങ്ങളേറ്റ എത്ര പേർ അവശരായി കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ഈ കാലയളവിൽ നടന്ന കസ്റ്റഡി മരണങ്ങൾ എത്ര; മരിച്ചവർ ആരെല്ലാം; ഇവർ ഓരോരുത്തരെയും കസ്റ്റഡിയിലെടുക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 41 എണ്ണം.

(ബി) 17 എണ്ണം.

(സി) റാത്തിചാർജ്ജിൽ 971 പേർക്ക് പരിക്കുപറ്റി വെടിവയ്പിൽ രണ്ടുപേർ മരിച്ചു.

(ഡി എഫ്) വിവരം ശേഖരിച്ചു വരുന്നു.

ക്രിമിനൽ കേസ്സുകൾ

51. [51] ശ്രീ. യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ രാഷ്ട്രീയ കേസ്സുകൾ, വർഗ്ഗീയ സംഘട്ടനം, ക്രമസമാധാന ലംഘനം എന്നിവയുടെ കണക്ക് ഇനം തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2,25,593 കേസ്സുകൾ

(ബി) രാഷ്ട്രീയ കേസ്സുകൾ — 1399

പൊളിറ്റിക്കൽ ക്ലാഷ് — 1388

പൊളിറ്റിക്കൽ മർഡർ — 11

വർഗ്ഗീയ സംഘട്ടനം — 64

ക്രമസമാധാന ലംഘനം — 8361

രജിസ്റ്റർ ചെയ്ത മോഷണ കേസ്സുകൾ

52. [52] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ കച്ചവട സ്ഥാപനങ്ങളിൽ നടന്ന മോഷണം എത്ര; വീടുകളിൽ നടന്ന മോഷണം എത്ര;

(സി) ബാങ്ക് മോഷണക്കേസുകൾ എത്ര;

(ഡി) വീടുകളിലും കച്ചവട സ്ഥാപനങ്ങളിലുമായി മൊത്തം എത്ര തുകയുടെ മോഷണങ്ങൾ നടന്നിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഈ കാലയളവിൽ എത്ര തുകയുടെ സ്വർണ്ണാഭരണങ്ങൾ മോഷണം പോയിട്ടുണ്ടെന്ന് പറയാമോ;

(എഫ്) മോഷണം പോയ സാധനങ്ങളിൽ എത്ര തുകയുടെ സാധനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 912.

(ബി) കച്ചവട സ്ഥാപനങ്ങളിൽ നടന്ന മോഷണം - 77.
വീടുകളിൽ നടന്ന മോഷണം - 362.

(സി) ഒന്ന്.

(ഡി) ഏകദേശം 2,55,13,274 രൂപയുടെ മോഷണം നടന്നിട്ടുണ്ട്.

(ഇ) ഏകദേശം 71,49,321 രൂപയുടെ മോഷണം നടന്നിട്ടുണ്ട്.

(എഫ്) 57,87,793 രൂപയുടെ സാധനങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly